**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1538** **08-12-2022 - ൽ മറുപടിയ്ക്ക്**

**യോഗ കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | യോഗ പഠനത്തിന് നിലവിൽ ഏതെല്ലാം കോഴ്സുകൾക്കാണ് അംഗീകാരം ഉള്ളത്; സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ യോഗ അസോസിയേഷൻ ഓഫ് കേരള നടത്തുന്ന യോഗ കോഴ്സുകൾക്ക് നിലവിൽ അംഗീകാരം ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളയുടെ നേതൃത്വത്തിൽ സർട്ടിഫിക്കറ്റ് ഇൻ യോഗ, എന്ന പേരിൽ ആറുമാസം ദൈർഘ്യമുള്ളതും ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് എന്ന പേരിൽ ഒരു വർഷം ദൈർഘ്യമുള്ളതുമായ രണ്ട് കോഴ്സുകൾ നിലവിലുണ്ട്. രണ്ട് കോഴ്സുകൾക്കും സർക്കാർ അംഗീകാരമുണ്ട്. ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് കോഴ്സ് യോഗ അസോസിയേഷൻ ഓഫ് കേരളയുമായി സഹകരിച്ച് നടത്തുന്നതിന് സർക്കാർ ഉത്തരവുണ്ട്. ഈ കോഴ്സിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, ആയുഷ് വകുപ്പിന്റെയും പ്രത്യേക അംഗീകാരവും ഉണ്ട്. |
| (ബി) | യോഗ അസോസിയേഷൻ ഓഫ് കേരള നടത്തുന്ന യോഗ കോഴ്സുകൾക്ക് അമിത പ്രാധാന്യം കൊടുക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യോഗ അസോസിയേഷൻ ഓഫ് കേരള ഡിപ്ലോമ ഇൻ സ്പോർട്സ് യോഗ എന്ന കോഴ്സ് നടത്തുന്നത് ഏതെങ്കിലും സർക്കാർ ഏജൻസിയുമായി ബന്ധപെട്ടാണോ; വിശദമാക്കാമോ? | (ബി) | ഇല്ല. ഡിപ്ലോമ ഇൻ സ്പോർട്സ് യോഗ എന്ന പേരിൽ സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം യോഗ അസോസിയോഷനുമായി ചേർന്ന് നിലവിൽ കോഴ്സുകളൊന്നും നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ